(ബി) ഈ ആനുകൂല്യങ്ങൾ മിക്കവയും വർദ്ധിപ്പിക്കുന്നതിനുള്ള ബോർഡ് യോഗ തീരുമാനങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 17872 പേർക്ക്

(ഡി)	അംഗങ്ങൾക്ക് പെൻഷൻ	-	17872
	അവശതാ പെൻഷൻ	-	139
	കുടുംബ പെൻഷൻ	-	196
	ആകെ	-	18,207

50 (216) ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീഡിത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ബോർഡു വഴി അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകി തുടങ്ങിയോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് നൽകുന്നതെന്നും ഇതിനുള്ള നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ എത്ര തൊഴിലാളികൾ ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)(സി)&(ഡി) 15.3.99-ൽ ആണ് ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചത്. ചീഫ് ഓഫീസിന്റെയും, ക്ഷേമനിധിയുടേയും ഔപചാരികമായ ഉദ്ഘാടനം ഈ മാസം 5-ാം തീയതി ആയിരുന്നു. തൊഴിലാളികളുടെ രജിസ്ട്രേഷനുൾപ്പെടെയുള്ള കാര്യങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുള്ളൂ.

51 (217) കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾ

ശ്രീ. എം. മുരളി :

ശ്രീ. കെ. ബാബു :

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ രംഗത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും എത്ര തൊഴിലാളികൾ വീതം പണിയെടുക്കുന്നു;

(ബി) കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനും നവീകരണത്തിനുമായി സർക്കാർ ഈ ഓരോ മേഖലയ്ക്കും എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വകാര്യ മേഖലയിൽ നടത്തുന്ന കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും വികസനത്തിനും ഗവൺമെന്റ് യാതൊരു ആനുകൂല്യങ്ങളും നൽകാതിരിക്കുവാൻ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷനിൽ 21,269 പേരും കാപ്പക്സിൽ 5108 പേരും സ്വകാര്യ മേഖലയിൽ 1,78,549 പേരും പണിയെടുക്കുന്നു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പക്സിനും വൈവിധ്യവത്ക്കരണത്തിനും വികസനത്തിനുമായി സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾപ്പെടുത്തുന്നുണ്ട്. ഈ വർഷം കോർപ്പറേഷന് നവീകരണ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ നൽകിയിട്ടുണ്ട്. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനായി തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾ പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ തരിശുഭൂമി ലഭ്യമാക്കി കശുമാവ് കൃഷി ചെയ്യുന്നതിനും കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് സ്വകാര്യമേഖലയിലെ ഫാക്ടറികളുടെ നവീകരണത്തിന് ധനസഹായം നൽകുന്ന കാര്യം പ്രായോഗികമല്ല എന്ന് കണ്ടതുകൊണ്ടാണ്.

52 (218) കശുവണ്ടി തൊഴിലാളികൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം നവംബർ 30 വരെ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 123 ദിവസങ്ങൾ

(ബി) കശുവണ്ടി രംഗത്ത് ഏതാണ്ട് 2.23 ലക്ഷം തൊഴിലാളികൾ കേരളത്തിൽ പണി എടുക്കുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഇവർക്ക് കൂടുതൽ പ്രവൃത്തി ദിനങ്ങൾ ലഭ്യമാക്കുന്നത് ലക്ഷ്യമാക്കി കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുവാനായി കശുമാവ് കൃഷി വികസനത്തിനുള്ള പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരികയാണ്. ഇതിനായി കൃഷിവകുപ്പുമായി സംയോജിപ്പിച്ച് ആറ്റുതീരങ്ങൾ, അണക്കെട്ടുകളുടെ ഓരങ്ങൾ, പുറമ്പോക്ക് ഭൂമികൾ, മറ്റു തരിശു ഭൂമികൾ എന്നിവിടങ്ങളിൽ മുന്തിയ ഇനം കശുമാവ് വച്ച് പിടിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും ചവറയിലെ കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ കോമ്പൗണ്ടിലും കശുമാവ് കൃഷി ആരം

LIBRARY ARCHIVES Kerala Legislative Assembly